**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4455** **18-03-2025 - ൽ മറുപടിയ്ക്ക്**

**ചെർപ്പുളശ്ശേരി സഹകരണ അർബൻ ബാങ്കിലെ അന്വേഷണം പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ചെർപ്പുളശ്ശേരി സഹകരണ അർബൻ ബാങ്കിൽ (ക്ലിപ്തം നമ്പർ 1696) സഹകരണ നിയമത്തിലെ സെക്ഷൻ 65 പ്രകാരം അന്വേഷണം നടത്തിയതിൽ എന്തൊക്കെയാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ചെർപ്പുളശ്ശേരി സഹകരണ അർബൻ ബാങ്കിൽ സഹകരണ നിയമത്തിലെ വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തിയതിൽ, 2019-20 കാലഘട്ടത്തിൽ മതിയായ പരിശോധന നടത്താതെ വായ്പാ വിതരണം നടത്തിയതായും, ബിസിനസ്സ് വായ്പാ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കാതെയും, നടപടിക്രമങ്ങൾ പാലിക്കാതെയും, ജാമ്യ വ്യവസ്ഥകൾ ലംഘിച്ചും, ക്രമരഹിതമായി വായ്പ അനുവദിച്ചിട്ടുള്ളതായും, സഹകരണ സംഘം രജിസ്ട്രാറുടെ 49/2011 നമ്പർ സർക്കുലർ നിർദ്ദേശത്തിന് വിരുദ്ധമായി ജാമ്യ വ്യവസ്ഥകൾ ലംഘിച്ച് ബിസിനസ്സ് വായ്പകൾ നൽകിയതുമൂലം ബാങ്കിന് നഷ്ടം സംഭവിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ നഷ്ടോത്തരവാദിത്വം തിട്ടപ്പെടുത്തുന്നതിനായി ഒറ്റപ്പാലം അസിസ്റ്റൻറ് രജിസ്ട്രാർ (ജനറൽ)-നെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചുകൊണ്ട് സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അന്വേഷണം ആരംഭിച്ചത് എന്നാണ്; ആയത് നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; അടിയന്തരമായി അന്വേഷണം പൂർത്തീകരിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | 29.07.2024-ന് വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം ആരംഭിക്കുകയും 12.12.2024-ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്മേൽ സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം തുടർനടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ